"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - കോട്ടയം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോള വിലയുടെ അഞ്ച് ശതമാനം നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച, വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പെട്ട 2.0236 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് കമ്പോളവിലയുടെ 2% ആയി കുറയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എം) വകുപ്പ്

സ.ഉ.(കൈ) നം.6/2024/RD തീയതി,തിരുവനന്തപുരം, 05-01-2024

---

പരാമർശം:-
1. 14.02.2017 ലെ സ.ഉ(കൈ)നം.55/2017/ഉ.വി.വ.
2. 12.04.2019 ലെ സ.ഉ(കൈ)നം.120/2019/റവ
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 30.01.2023 ലെ LR 12059/2022 LR(J5) നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പെട്ട 2.0236 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി കോട്ടയം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോള വിലയുടെ അഞ്ച് ശതമാനം നിരക്കിൽ 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2) പരാമർശം (1) ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളെ ചില പ്രത്യേക ആവശ്യങ്ങൾക്ക് സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾക്ക് സമാനമായി കണക്കാക്കിയിട്ടുള്ളതിനാലും, സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിലും വാർഷിക പാട്ടത്തുക ഒഴിവാക്കി നൽകുകയോ അല്ലെങ്കിൽ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ഭൂമി നൽകുന്ന 2% പാട്ടനിരക്കിലേക്ക് കുറവുചെയ്യുകയോ ചെയ്യണമെന്ന് ഐ.എച്ച്.ആർ.ഡി ഡയറക്ടർ അപേക്ഷിക്കുകയും ടി അപേക്ഷ പരിഗണിക്കണമെന്ന് ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ് അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു.

3) പരാമർശം (1) ലെ ഉത്തരവിൽ അനുവദിച്ചിട്ടുള്ള വിഷയങ്ങളിൽ പാട്ടം സംബന്ധിച്ച് പരാമർശമില്ലെന്നും എന്നാൽ കേരള ഗവൺമെന്റ് അനുമതിയോടെ എസ്റ്റാബ്ലിഷ് ചെയ്തിട്ടുള്ളതുമായ സ്ഥാപനമാണ് ഐ.എച്ച്.ആർ.ഡി. എന്നതിനാൽ പാട്ടത്തുക ഇളവു ചെയ്യുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും പരാമർശം (3) പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരംകോട്ടയം ഐ എച്ച് ആർ ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോള വിലയുടെ അഞ്ച് ശതമാനം നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ച, വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ

ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പെട്ട 2.0236 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് കമ്പോളവിലയുടെ 2% ആയി കുറച്ച് നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇക്കാര്യത്തിലുള്ള തുടർ നടപടി കോട്ടയം ജില്ലാ കളക്ടർ സ്വീകരിക്കേണ്ടതാണ്.

5) മേൽ ഭേദഗതിയോടെ പരാമർശം (2) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
ജില്ലാ കളക്ടർ, കോട്ടയം
പൊതുഭരണ (എസ്.സി) വകുപ്പ് (03.01.2024ലെ ഇനം.നം.1956)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ആഡിറ്റ്), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഐ.എച്ച്.ആർ.ഡി, തിരുവനന്തപുരം.
ധനകാര്യവകുപ്പ് (Exp. A2/456/2018-FIn പ്രകാരം)
ഉന്നതവിദ്യാഭ്യാസ വകുപ്പ് (HEDN-J1/5/2020-HEDN പ്രകാരം)
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Kumari Sindhu S
Date: 05-01-2024 12:51:36
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്
റവന്യൂ വകുപ്പ് അണ്ടർ സെക്രട്ടറിയ്ക്ക്

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 03-01-2024

ഫയൽ നം. 49/എം2/2022/റവ. ഇനം നം: 1956

വിഷയം : റവന്യൂ വകുപ്പ് - കോട്ടയം ഐ.എച്ച്.ആർ.ഡി. കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പാട്ടത്തിനനുവദിച്ച ഭൂമിയുടെ വാർഷിക പാട്ടം കമ്പോളവിലയുടെ 2 ശതമാനമായി കുറയ്ക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

നിലവിൽ റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ പാട്ട നിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്ന കാര്യം പരിശോധിച്ച് ഒരു മാസത്തിനകം നിർദ്ദേശം സമർപ്പിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ, ധനകാര്യ വകുപ്പ് സെക്രട്ടറിമാർ അംഗങ്ങളായും ഉള്ള സമിതിയെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വേണു. വി.
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

1956

| | | |
|---|---|---|
| | **കേരള സർക്കാർ**<br>(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)<br>മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ് | |
| 1. | ഫയൽ നമ്പർ | 49/എം2/2022/റവ. |
| 2. | വകുപ്പ് | റവന്യൂ(എം) വകുപ്പ് |
| 3. | വിഷയം | കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പാട്ടത്തിനനുവദിച്ച ഭൂമിയുടെ വാർഷികപാട്ടം കമ്പോളവിലയുടെ 2 ശതമാനമായി കുറയ്ക്കുന്നത് - സംബന്ധിച്ച്. |
| 4. | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 24.10.2023 |
| 5. | i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ ?<br>ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട്.<br>ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ ശിപാർശയുടെ വിവരം കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 7. | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീ. ഗോപകുമാർ ആർ.എൽ. |
| 8. | കുറിപ്പ് സമർപ്പിച്ച പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേര് | ശ്രീമതി ടിങ്കു ബിസ്വാൾ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അംഗീകരിച്ച തീയതി | 02.12.2023 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. വേണു വി. |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 09.12.2023 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. കെ.രാജൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 18.12.2023 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 20.12.2023 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പാട്ടത്തിനനുവദിച്ച ഭൂമിയുടെ വാർഷികപാട്ടം കമ്പോളവിലയുടെ 2 ശതമാനമായി കുറയ്ക്കുന്നതിനുള്ള അഭ്യർത്ഥന സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 12.04.2019 തീയതിയിലെ സ.ഉ.(കൈ)നം.120/2019/റവ പ്രകാരം, കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1ൽ പെട്ട 2.0236 ഹെക്ടർ ഭൂമി കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോളവിലയുടെ അഞ്ച് ശതമാനം വാർഷിക നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിന് അനുവദിച്ചിരുന്നു.

3) 14.02.2017-ലെ സ.ഉ.(കൈ)നം.55/2017/ഉവിവയുടെ അടിസ്ഥാനത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളെ ചില പ്രത്യേക ആവശ്യങ്ങൾക്ക് സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സമാനമായി കണക്കാക്കിയിട്ടുള്ളതായി IHRD ഡയറക്ടർ ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിനെ അറിയിച്ചിരുന്നു. സ്ഥാപനം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് വാർഷിക പാട്ടത്തുക ഒഴിവാക്കി നൽകുകയോ അല്ലെങ്കിൽ എയ്ഡഡ് സ്ഥാപനങ്ങൾക്ക് ബാധകമായ 2% പാട്ടനിരക്കിലേക്ക് കുറവു ചെയ്യുകയോ ചെയ്യണമെന്ന് ഐ.എച്ച്.ആർ.ഡി ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി. IHRD ഡയറക്ടറുടെ അഭ്യർത്ഥന പരിഗണിക്കണമെന്ന ശിപാർശ സഹിതം ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പിന്റെ ഫയൽ റവന്യൂ വകുപ്പിലേക്ക് നൽകിയിട്ടുള്ളതാണ്.

4) സമാനമായ മറ്റൊരു കേസിൽ കേരള സർവ്വകലാശാലയുടെ കീഴിലുള്ള നെയ്യാറ്റിൻകര യു.ഐ.ടി. സെന്ററിന് പാട്ടത്തുക കമ്പോള വിലയുടെ അഞ്ചു ശതമാനം എന്നതിനു പകരം രണ്ടു ശതമാനമായി നിശ്ചയിച്ചുകൊണ്ട് G.O.(Ms)No./52/20/റവ തീയതി 11-02-2020 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പാട്ടനിരക്ക് 2 ശതമാനമായി കുറയ്ക്കുന്നതു സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ ഈ വിഷയത്തിൻമേൽ ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് സഹിതം ഫയൽ പുന:സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചു.

5) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ വരുന്ന സ്ഥാപനങ്ങളെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങൾക്ക് സമാനമായി കണക്കാക്കുന്നതുമായി ബന്ധപ്പെട്ട 14.02.2017 ലെ സ.ഉ.(കൈ)നം.55/2017/ഉവിവ ഉത്തരവിൽ അനുവദിച്ചിട്ടുള്ള വിഷയങ്ങളിൽ പാട്ടം സംബന്ധിച്ച് പരാമർശമില്ലെന്ന് ലാൻഡ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ കേരള ഗവൺമെന്റ് അനുമതിയോടെ എസ്റ്റാബ്ലിഷ് ചെയ്തിട്ടുള്ളതുമായ സ്ഥാപനമാണ്

ഐ.എച്ച്.ആർ.ഡി എന്നതിനാൽ പാട്ടത്തുക ഇളവു ചെയ്യുന്ന വിഷയത്തിൽ സർക്കാരിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്നും ലാൻഡ് റവന്യൂ കമ്മീഷണർ അറിയിച്ചിരുന്നു.

6) തുടർന്ന്, കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പാട്ടത്തിന് അനുവദിച്ച ഭൂമിയുടെ പാട്ടം കമ്പോളവിലയുടെ രണ്ട് ശതമാനമായി കുറയ്ക്കുന്നതു സംബന്ധിച്ച അഭിപ്രായത്തിനായി ലാൻഡ് റവന്യൂ കമ്മീഷണറുടെ റിപ്പോർട്ട് സഹിതം ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയയ്ക്കുകയുണ്ടായി.

7) സമാനമായ കേസിൽ കേരള സർവകലാശാലയുടെ കീഴിലുള്ള നെയ്യാറ്റിൻകര യു.ഐ.ടി. സെന്ററിന് പാട്ടത്തുക രണ്ടു ശതമാനമാക്കി കുറവുചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിലേക്കായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച അന്തിമ റിപ്പോർട്ടിന്റെ പകർപ്പും ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോള വിലയുടെ അഞ്ച് ശതമാനം നിരക്കിൽ പാട്ടത്തിന് അനുവദിച്ച ഭൂമിയുടെ പാട്ടം രണ്ട് ശതമാനമായി കുറയ്ക്കുന്നതു സംബന്ധിച്ച ഭരണ വകുപ്പിന്റെ സെക്രട്ടറി തലത്തിലുള്ള അഭിപ്രായവും സഹിതം ഫയൽ സമർപ്പിക്കുവാൻ ധനകാര്യ വകുപ്പ് ആവശ്യപ്പെട്ടു.

8) സമാനമായ കേസായി ഈ ഫയലിൽ പരാമർശിക്കുന്ന, നെയ്യാറ്റിൻകര UIT സെന്റർ അൺഎയിഡഡ് സ്ഥാപനമാണെങ്കിലും പ്രസ്തുത സ്ഥാപനത്തിനു വേണ്ടി കേരള സർവ്വകലാശാലയുടെ പേരിൽ 2% പാട്ടനിരക്ക് അനുവദിച്ചിരിക്കുന്നത് മന്ത്രിസഭായോഗ തീരുമാനപ്രകാരമാണ്.

9) മേൽ വിവരം സഹിതം, കോട്ടയം ഐ.എച്ച്. ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് പാട്ടത്തിന് അനുവദിച്ച ഭൂമിയുടെ പാട്ട നിരക്ക് കമ്പോളവിലയുടെ രണ്ട് ശതമാനമായി കുറയ്ക്കുന്ന കാര്യത്തിൽ അഭിപ്രായത്തിനായി ഫയൽ വീണ്ടും ധനകാര്യ വകുപ്പിലേക്ക് അയച്ചിരുന്നു.
ധനകാര്യവകുപ്പിന്റെ അഭിപ്രായം ചുവടെ ചേർക്കുന്നു.

"വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പ്പെട്ട 2.0236 ഹെക്ടർ ഭൂമി കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോളവിലയുടെ അഞ്ച് ശതമാനം നിരക്കിൽ പാട്ടത്തിന് അനുവദിച്ച ഭൂമിയുടെ പാട്ടം രണ്ട് ശതമാനമായി കുറയ്ക്കുന്നതിനോട് ധനവകുപ്പ് യോജിക്കുന്നു.
ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട് ."

10) കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോളവിലയുടെ അഞ്ച് ശതമാനം നിരക്കിൽ പാട്ടത്തിന് അനുവദിച്ച, വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പ്പെട്ട 2.0236 ഹെക്ടർ ഭൂമിയുടെ പാട്ടം രണ്ട് ശതമാനമായി കുറയ്ക്കുന്ന

വിഷയത്തിൽ അനുമതിയ്ക്കായി ഫയൽ ചംക്രമണം ചെയ്തപ്പോൾ ടി വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

12/4/2019 ലെ സ.ഉ.(കൈ) 120/2019/റവ പ്രകാരം, കോട്ടയം ഐ.എച്ച്.ആർ.ഡി കോളേജ് ഓഫ് അപ്ലൈഡ് സയൻസിന് കമ്പോളവിലയുടെ അഞ്ച് ശതമാനം നിരക്കിൽ 30 വർഷത്തേക്ക് പാട്ടത്തിനനുവദിച്ച, വൈക്കം താലൂക്കിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1ൽ പ്പെട്ട 2.0236 ഹെക്ടർ ഭൂമിയുടെ പാട്ടനിരക്ക് കമ്പോളവിലയുടെ രണ്ട് ശതമാനമായി കുറച്ച് നൽകാമോ?

380350/2022/TAPAL DCKTM
170942/2019/FC DCKTM

DCKTM/7363/2017-E2
DCKTM/2570/2016-E2

കളക്ടറേറ്റ്
25 APR 2019
കോട്ടയം

L3

**കേരള സർക്കാർ**

**സംഗ്രഹം**

കോട്ടയം ജില്ലയിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പ്പെട്ട 2.0236 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി കോട്ടയം IHRD College of Applied Sciences ന് കമ്പോളവിലയുടെ 5% വാർഷിക പാട്ട നിരക്കിൽ, 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**റവന്യൂ (എ) വകുപ്പ്**

സ.ഉ.(കൈ) നം.120/2019/റവ. തീയതി, തിരുവനന്തപുരം, 12/04/2019

പരാമർശം:- 1.സ.ഉ.(സാധാ) നം.1660/2009/ത.സ്വ.ഭ.വ തീയതി 06/07/2009

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 16/4/2010 ലെ എൽ ആർ ജെ 6-45736/09 നമ്പർ കത്ത്.
3. സ.ഉ.(കൈ)നം. 96/2016/റവ തീയതി 06/02/2016
4. G.O(P)No.33/2017/LSGD തീയതി 31/05/2017 (SRO No.310/2017).
5. കോട്ടയം ജില്ലാ കളക്ടറുടെ 23/5/2018 ലെ L3-34729/09 നമ്പർ കത്ത്
6. ലാന്റ് റവന്യൂ കമ്മീഷണറുടെ 22/6/2018 ലെ എൽ.ആർ.ജെ 5-25090/2018 നമ്പർ കത്ത്.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വേ 419/1 ൽ പ്പെട്ട 1.2141 ഹെക്ടർ ഭൂമിയിൽ കെട്ടിടം പണിയുന്നതിന് ഐ.എച്ച്.ആർ.ഡിയ്ക്ക് അനുവാദം നൽകാൻ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഞീഴൂർ ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിരുന്നു. ടി ഭൂമി കെ.പി.ആർ ആക്ട് 279-ാം വകുപ്പ് 2-ാം ഉപവകുപ്പ് പ്രകാരം സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള പ്രത്യേക അധികാരം വിനിയോഗിച്ച് IHRD College of Applied Sciences – ന് കൈമാറി നൽകുന്നതിനായി പ്രസ്തുത ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി പരാമർശം (4) പ്രകാരം നൽകുകയുണ്ടായി. ടി ഭൂമിയിൽ കോളേജിന് കെട്ടിടം പണിതിട്ടുള്ളതും അഫിലിയേഷൻ ലഭിച്ചിട്ടില്ലാത്തതുമാണ്.

2. പ്രസ്തുത 2.0236 ഹെക്ടർ ഭൂമിക്ക് 78,52,782/- രൂപ കമ്പോളവില കണക്കാക്കാവുന്നതും, അൺ എയ്ഡഡ് സ്ഥാപനങ്ങൾക്ക് പാട്ടത്തിന് അനുവദിക്കുന്ന നിരക്കായ കമ്പോള വിലയുടെ 5% നിരക്കിൽ, 3,92,639/- രൂപ വാർഷിക പാട്ടം കണക്കാവുന്നതാണെന്നും, ശുപാർശ ചെയ്ത് വാല്യുവേഷൻ സ്റ്റേറ്റ്മെന്റ്, ടോപ്പോസ്കെച്ച്,



Generated from eOffice by KUMARI SINDHU S, SO (M) REV, SO (M) REV, RD on 06/01/2024 12:55 PM

മഹസ്സർ, ബി.ടി.ആർ, പുറംപോക്ക് രജിസ്റ്ററിന്റെ പകർപ്പ്, ഫെയർവാല്യൂ സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സമർപ്പിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കോട്ടയം ജില്ലയിൽ ഞീഴൂർ വില്ലേജിൽ ബ്ലോക്ക് 27 ൽ റീസർവ്വെ 419/1 ൽപ്പെട്ട 2.0236 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി മൂന്ന് വർഷം കൂടുമ്പോൾ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിലും പാട്ടം അനുവദിക്കുന്നതിന് സ്ഥാപനമേധാവി നിയമപ്രകാരമുള്ള പാട്ടക്കരാറിൽ ഏർപ്പെടേണ്ടതാണെന്ന നിബന്ധനയോടെയും മറ്റ് സാധാരണ വ്യവസ്ഥകൾക്കും വിധേയമായി കോട്ടയം IHRD College of Applied Sciences ന് കമ്പോളവിലയുടെ 5% വാർഷിക പാട്ട നിരക്കിൽ, 30 വർഷത്തേക്ക് പാട്ടത്തിന് നൽകുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**നിബന്ധനകൾ**

1. ഭൂമി അനുവദിച്ച ആവശ്യത്തിന് മാത്രമേ ഉപയോഗിക്കാവൂ;
2. ഭൂമി ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, ദുരുപയോഗപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല
3. ഭൂമി ഉപപാട്ടത്തിന്/ തറവാടകക്ക് നൽകുവാൻ പാടില്ല;
4. ഭൂമി. എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സ്ഥാപനം തന്നെ സംരക്ഷിച്ച് നിർത്തേണ്ടതാണ്;
5. പാട്ടഭൂമിയുടെ ഇനം മാറ്റാൻ പാടുള്ളതല്ല.
6. പാട്ടഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല, അഥവാ മുറിക്കേണ്ടി വന്നാൽ റവന്യൂ അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ മൂന്നിരട്ടി എണ്ണം വൃക്ഷതൈകൾ നട്ടുവളർത്തി പരിപാലിക്കേണ്ടതുമാണ്.
7. പാട്ടക്കരാറിന്റെ കാലാവധി തീരുന്നതിന് 6 മാസം മുൻപ് പാട്ടം പുതുക്കുന്നതിനുള്ള നടപടികൾ ആരംഭിക്കേണ്ടതാണ്.
8. മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം പാട്ടം റദ്ദാക്കുന്നതും ചമയങ്ങളടക്കം നഷ്ട പരിഹാരം കൂടാതെ ഭൂമി തിരികെ റവന്യൂ വകുപ്പിൽ പുനർ നിക്ഷിപ്തമാക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി (ഇൻ ചാർജ്ജ്)

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, കോട്ടയം
3. പൊതുഭരണ (എസ്.സി) വകുപ്പ് (vide item No.2986)
4. പ്രിൻസിപ്പൽ, IHRD College of Applied Sciences, ഞീഴൂർ, കോട്ടയം.



Generated from eOffice by KUMARI SINDHU S, SO (M) REV, SO (M) REV, RD on 06/01/2024 12:55 PM

5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
6. ധനകാര്യ വകുപ്പ് (vide UO(N)No.EXP.A2/456/2018-Fin dated 21/01/2019)
7. വിവര പൊതുജന സമ്പർക്ക് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (എ 4/116/2018/ആർ ഡി)

ഉത്തരവിൻ പ്രകാരം

(signature)

സെക്ഷൻ ഓഫീസർ



Generated from eOffice by KUMARI SINDHU S, SO (M) REV, SO (M) REV, RD on 06/01/2024 12:55 PM